തുഞ്ചത്ത് എഴുത്തച്ഛൻ
**മലയാളസർവ്വകലാശാല**
വാക്കാട്, മലപ്പുറം - 676 502
ഫോൺ : 0494 2631230

**സംഗ്രഹം**

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല - യു.ജി.സി. (വിദ്യാർത്ഥികളുടെ പരാതി പരിഹാര) റഗുലേഷൻസ് 2023 പ്രകാരം സർവകലാശാലയിൽ ഓംബുഡ്സ് പേഴ്സനെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണവിഭാഗം**

**നമ്പർ: 617/2018/രജി.** **തീയതി, തിരൂർ, 12.03.2024**

---

പരാമർശം:- 1) യു.ജി.സി. സെക്രട്ടറിയുടെ 12-4-2023ലെ F1 - 13/2022 (CPP-11) നമ്പർ കത്ത്.
2) 27.11.2023, 22.01.24 തിയതികളിലെ 617/2018/രജി. നമ്പർ ഉത്തരവുകൾ.
3) നിർവാഹകസമിതിയുടെ 24-1-24ന് അറുപത്തിനാലാമത് യോഗത്തിന്റെ 2024/9 ഇനം നമ്പർ തീരുമാനം.
4) വൈസ് ചാൻസലറുടെ 29-02-2024ലെ ഉത്തരവ്.
5) വൈസ് ചാൻസലറുടെ 11-03-2024ലെ ഉത്തരവ്.

**ഉത്തരവ്**

1) വിദ്യാർത്ഥികളുടെ പരാതി പരിഹാരസംവിധാനം കൂടുതൽ സുഗമവും ഫലപ്രദവുമാക്കുന്നതിന് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ (വിദ്യാർത്ഥി പരാതി പരിഹാര) റഗുലേഷൻസ് 2023 പ്രാബല്യത്തിൽ വന്നതായും ടി റെഗുലേഷൻസ് പ്രകാരം എല്ലാ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലും വിദ്യാർത്ഥി പരിഹാര സമിതി (എസ്.യു.ആർ.സി) രൂപീകരണവും ഓംബുഡ്സ് പേഴ്സൺ നിയമനവും ഉടൻ നടത്തേണ്ടതാണെന്ന് പരാമർശം (1) പ്രകാരം യു.ജി.സി. സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ആയതനുസരിച്ച് പരാമർശം (2) പ്രകാരം സർവകലാശാലയിൽ വിദ്യാർത്ഥി പരാതി പരിഹാരസമിതി രൂപീകരിച്ച് ഉത്തരവുകൾ പുറപ്പെടുവിക്കുകയുണ്ടായി.

2) പരാമർശം (3) പ്രകാരം യു.ജി.സി. (വിദ്യാർത്ഥി പരാതി പരിഹാര) റഗുലേഷൻസ് 2023 പ്രകാരം സർവകലാശാലയിൽ ഓംബുഡ്സ്പേഴ്സനെ നിയമിക്കുന്ന കാര്യം നിർവാഹകസമിതി ചർച്ച ചെയ്യുകയും ഓംബുഡ്സ് പേഴ്സനെ തിരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുവാൻ തീരുമാനിക്കുകയും, പരാമർശം (4) പ്രകാരം നിർവ്വാഹകസമിതിയോഗതീരുമാനം നടപ്പാക്കുന്നതിന് വൈസ് ചാൻസലർ ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

3) പരാമർശം (5) പ്രകാരം ഓംബുഡ്സ് പേഴ്സൺ നിയമനത്തിന് യോഗ്യരായവരുടെ പേരുകൾ പരിഗണിച്ച് പ്രായം, യോഗ്യത, നിയമന മാനദണ്ഡങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ കൊച്ചിൻ സർവ്വകലാശാലയിൽ ഹിന്ദി വിഭാഗം എമരിറ്റസ് പ്രൊഫസർ ആയ ഡോ. ആർ. ശശിധരനെ മലയാള സർവ്വകലാശാലയുടെ ഓംബുഡ്സ് പേഴ്സണനായി നിയമിക്കുന്നതിന് വൈസ് ചാൻസലർ ഉത്തരവായിട്ടുണ്ട്.

4) ആയതിനാൽ ഡോ. ആർ. ശശിധരനെ (എമരിറ്റസ് പ്രൊഫസർ, ഹിന്ദിവിഭാഗം, കൊച്ചിൻ സർവ

തുടർച്ച.....(2)

കലാശാല) യു.ജി.സി. (വിദ്യാർത്ഥി പരാതി പരിഹാരസമിതി) റഗുലേഷൻ 2023 പ്രകാരം മലയാളസർവകലാശാലയിൽ ഓംബുഡ്സ് പേഴ്സണായി അദ്ദേഹം ചാർജ്ജെടുക്കുന്ന ദിവസം മുതൽ മൂന്ന് വർഷത്തേക്കോ, അല്ലെങ്കിൽ അദ്ദേഹത്തിന് 70 വയസ്സ് പൂർത്തിയാകുന്നതുവരേക്കോ ഏതാണോ ആദ്യം അതുവരെയുള്ള കാലയളവിലേക്ക് നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഓംബുഡ്സ് പേഴ്സന് സിറ്റിങ്ങിന് സർവകലാശാല നിശ്ചയിക്കുന്ന സിറ്റിങ്ങ് ഫീക്കും യാത്ര ചെലവുകൾ തിരിച്ചു ലഭിക്കുന്നതിനും അർഹതയുണ്ടായിരിക്കുന്നതാണ്.

**രജിസ്ട്രാർ ഇൻ-ചാർജ്**

ഡോ. ആർ. ശശിധരൻ
എമരിറ്റസ് പ്രൊഫസർ
ഹിന്ദി വിഭാഗം, കൊച്ചിൻ സർവകലാശാല

പകർപ്പ്:

വി.സി. കാര്യാലയം/വിദ്യാർത്ഥിക്ഷേമ ഡയറക്ടർ/
ഫിനാൻസ് വിഭാഗം/ഐ.ക്യു.എ.സി./ജെ.ഡി. കെ.എസ്.എ.ഡി./
സ്കൂൾ ഡയറക്ടർമാർ/ലൈബ്രറി ഇൻചാർജ്/ഹോസ്റ്റൽ വാർഡൻ (പുരുഷ/വനിതാ ഹോസ്റ്റലുകൾ)